(5) വിശ്വകർമ്മസമുദായത്തിന് വാഗ്ദാനം ചെയ്തിരുന്ന ആനുകൂല്യങ്ങൾ

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, ഇത് ഒരു ശ്രദ്ധക്ഷണിക്കലിന്റെ രൂപത്തിൽ അവതരിപ്പിക്കേണ്ട പ്രധാനപ്പെട്ട ഒരു വിഷയമാണ്. സമയ പരിമിതികൊണ്ടാണ് സബ്മിഷൻ ആയി അവതരിപ്പിക്കുന്നത്. സാമൂഹ്യപരമായും, സാമ്പത്തികപരമായും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന സമുദായമാണ് കേരളത്തിലെ വിശ്വകർമ്മ സമുദായം. ഈ പ്രശ്നം സഭയ്ക്കകത്തും ഭരണാധികാരികളുടെ മുൻപിലും പലതവണ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഇൻഡ്യയുടെതന്നെ സാംസ്കാരിക സമ്പത്തായി നിലകൊള്ളുന്ന താജ്മഹലിനെക്കുറിച്ച് ഒരുപാടുപേർ പറയാറുണ്ട്. പക്ഷേ, അത് നിർമ്മിച്ചവരെക്കുറിച്ച് ആരും പറയാറില്ല. ആരും ഓർക്കാറില്ല. ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം വിശ്വകർമ്മ സമുദായത്തെ ക്രീമിലെയർ വ്യവസ്ഥയിൽനിന്ന് പൂർണ്ണമായി ഒഴിവാക്കി പരമ്പരാഗത തൊഴിൽസമൂഹമായി അംഗീകരിക്കണമെന്ന ഈ സമുദായത്തിന്റെ ആവശ്യം സർക്കാർ ഭാഗികമായി അംഗീകരിച്ചിട്ടുണ്ട്. പക്ഷേ, അതുകൊണ്ടുണ്ടായ പ്രശ്നം, 27-5-2002-ൽ ഇറക്കിയ G.O.(P)36/2002/SC/ST/DD എന്ന ഉത്തരവും 27-11-2003-ൽ ഇറക്കിയ G.O.(P)76/2003/SC/ST/DD എന്ന ഉത്തരവും തമ്മിലുള്ള സാങ്കേതികത്വം ഒരു സർക്കുലറിൽക്കൂടി ജീവനക്കാരെ ബോധ്യപ്പെടുത്താത്തതുകൊണ്ട് പല വില്ലേജ് ഓഫീസുകളിലും ഇപ്പോൾ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നില്ല, കളക്ടറേറ്റിൽനിന്നും ലഭ്യമാകുന്നില്ല. ഒരു ഉത്തരവ് കാബിനറ്റ് തീരുമാനപ്രകാരവും ഒരു ഉത്തരവ് എക്സിക്യൂട്ടീവ് തീരുമാനപ്രകാരവുമാണ്. അതുകൊണ്ട് ഇതിന്റെ സാങ്കേതിക പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടണം. അന്ന് സുപ്രീംകോടതിയിൽ കേസുണ്ടെന്നാണ് സർക്കാർ സൂചിപ്പിച്ചത്. ആ കേസുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ച് പൂർണ്ണമായി ക്രീമിലെയറിന്റെ സുരക്ഷ ഈ സമുദായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പി.എസ്.സി നിയമനത്തിൽ 1957-ൽ ആറു ശതമാനം സംവരണമുണ്ടായിരുന്നു. ഭരണപരിഷ്കരണകമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് വെട്ടിച്ചുരുക്കി. മറ്റു സമുദായാംഗങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന സംവരണം നഷ്ടപ്പെടാത്തവിധത്തിൽ ഇത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്നത് ഈ സമുദായത്തിന്റെ ഒരുപാടുനാളായ ആവശ്യമാണ്. ഈ വിഭാഗത്തിലെ അവശരായ ആൾക്കാർക്ക് പെൻഷൻ കൊടുക്കാനും ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ഡിമാൻഡ് അംഗീകരിക്കാനും സർക്കാർ തയ്യാറായില്ല. അതുപോലെ തൊഴിൽ നഷ്ടപ്പെട്ട വിശ്വകർമ്മർക്ക് സംരക്ഷണം നൽകാൻ അടിയന്തിരനടപടി വേണമെന്ന ആവശ്യം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടില്ല. മൂന്നു ശതമാനം സംവരണമുള്ളതുപോലും കൃത്യമായി പാലിക്കുന്നില്ല. അതുപോലും കിട്ടണമെന്ന കാര്യത്തിൽ ഈ സമുദായം ബോധവാൻമാരല്ല. സംവരണം

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കക്കാർക്ക് പൂർണ്ണമായും ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രമേയം ഒരിക്കൽ ഞാൻ ഈ സഭയിൽ അവതരിപ്പിച്ചതാണ്. അതുകൊണ്ട് ഈ സമുദായത്തിൽ അവശത അനുഭവിക്കുന്നവർക്ക് വിദ്യാഭ്യാസ രംഗത്തും അതുപോലെ സർക്കാർ ജോലിയുടെ കാര്യത്തിലും കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. വിശ്വകർമ്മ സമുദായം വളരെ പരിഗണന അർഹിക്കുന്ന ഒരു വിഭാഗം തന്നെയാണ്. അതുകൊണ്ടു തന്നെയാണ് ആ സമുദായത്തെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചത്. ഇവരെ ക്രീമിലെയറിൽനിന്ന് പൂർണ്ണമായി ഒഴിവാക്കണമെന്ന സുപ്രീംകോടതി വിധി സംബന്ധിച്ച് ഒരു കേസ് നിലനിൽക്കുകയാണ്. കേസ് ആ വിധിയെ ചോദ്യം ചെയ്താണ് വന്നിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ അത് സംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ സാധിക്കില്ല. സംസ്ഥാന ഗവൺമെന്റ് എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. അതിപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. അത് സംബന്ധിച്ച് ഒരു തീരുമാനം എത്രയുംവേഗം ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മറ്റു കാര്യങ്ങൾ ഗവൺമെന്റിന്റെ സജീവപരിഗണനയിലാണ്.

(6) 27-5-2005-ന് തൃശൂർ കോർപ്പറേഷൻ ഓഫീസിനുമുൻപിൽ പിക്കറ്റിംഗ് നടത്തിയ നാഷണൽ യൂത്ത് കോൺഗ്രസ് (ഇന്ദിര) പ്രവർത്തകർക്കുനേരെ നടന്ന പോലീസ് ആക്രമണം

ശ്രീ. ജോണി നെല്ലൂർ: സർ, സത്യത്തിൽ അടിയന്തിരപ്രമേയമായി കൊണ്ടുവരേണ്ട ഒരു വിഷയമായിരുന്നു. തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയിൽ മഞ്ഞപ്പിത്തവും പനിയും ബാധിച്ച് ഒട്ടേറെപ്പേർ മരിക്കുകയും നിരവധിപേർ ആശുപത്രിയിൽ കഴിയുകയുംചെയ്യുന്ന സാഹചര്യമുണ്ട്. ഇതിനെതിരെ ഫലപ്രദമായി നടപടികൾ സ്വീകരിക്കാൻ കോർപ്പറേഷൻ തയ്യാറായില്ല എന്നുള്ള പ്രതിഷേധവുമായി നാഷണൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഒരു സമരത്തിനായി തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിനുമുൻപിൽ ചെന്നപ്പോൾ അവിടെ തൃശ്ശൂർ ഈസ്റ്റ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഷാഹുൽ ഹമീദിന്റെ നേതൃത്വത്തിൽ നടന്ന നരനായാട്ട്, നാഷണൽ യൂത്ത് കോൺഗ്രസ് (ഇന്ദിര)യുടെ ഭാരവാഹികളായ ഷിഹാബ്, കലൂർ ബാബു, ശിവാനന്ദൻ, പ്രേമചന്ദ്രൻ, ജോയി വല്ലഞ്ചിറ, ജില്ലാ നേതാക്കളായ ഷാമി മാത്യു, ജിഫിൻ ജോർജ് എന്നിവരെ ക്രൂരമായി മർദ്ദിച്ചു. പോലീസ് ജീപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചതിന്റെ ഫലമായി ജിഫിൻ ജോർജ് ചോര ഛർദ്ദിച്ചു, തലയ്ക്ക് പരിക്കുപറ്റി, കാലൊടിഞ്ഞു. മൃഗീയമായ മർദ്ദനമായിരുന്നു. യാതൊരു പ്രകോപനവുമില്ലാതെ ആ പ്രവർത്തകരെ

LIBRARY ARCHIVES Kerala Legislative Assembly